ഒൻപതു പ്രൊട്ടിടങ്ങൾ പണിയണമെന്നാണ് അതിൽ നിർദ്ദേശമുണ്ടായിരുന്നത്. അങ്ങിനെ പണിയുന്ന ഒരു കെട്ടിടത്തിനു് മുപ്പത്തിഏഴായിരം രൂപ ചെലവു വരുന്നതാണു്. അതു് സ്ഥലത്തിന്റെ വില കൂടാതെയാണു്. അതിനു നാലു ശതമാനം പലിശവച്ചു നോക്കുകയാണെങ്കിൽ 125 രൂപയോളം ഒരു കെട്ടിടത്തിനു വാടക വരുന്നതാണു്. ഇത്രയും വലിയ ഒരു സംഖ്യ അതായതു 125 രൂപ ഒരു കെട്ടിടത്തിനു വാടക വരുന്നതുകൊണ്ടും ഇവിടെ വലിയ കെട്ടിടങ്ങൾ വളരെ അധികം ലഭ്യമാകുന്നതുകൊണ്ടും ആണു് ആ പദ്ധതി തൽക്കാലം വേണ്ടെന്നു വച്ചിട്ടുള്ളതു്.

ശ്രീ. സി. എ. മാത്യു : ഒരു ഐക്യകേരള രൂപീകരണം തീരുമാനിച്ചിട്ടുള്ള വസ്തുത വാസ്തവമാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതിനു ഇപ്പോൾ മറുപടി പറയാൻ നിവൃത്തിയില്ല.

പെരിയാർ നദീജലം.

* 2. [2] ശ്രീ. എൻ. നീലകണ്ഠൻ പണ്ടാരത്തിൽ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചിയിലെ നദീജലം മദ്രാസ് സ്റ്റേറ്റിന്റെ ആവശ്യത്തിലേയ്ക്കു് വിട്ടുകൊടുക്കുന്നതിനു് ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധിച്ചു് മദ്രാസ് ഗവണ്മെൻറുമായി ഈ ഗവണ്മെൻറ് എന്തെങ്കിലും ആലോചനകൾ നടത്തുകയോ, തീരുമാനങ്ങളിൽ എത്തുകയോ, എഗ്രിമെൻറുകൾ എഴുതി കൈമാറുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ രൂപമെന്താണു് ;

(സി) പെരിയാർ നദീജലത്തിൽ നിന്നു് ഏലക്ട്രിസിറ്റി ഉൽപ്പാദിപ്പിക്കുന്നതിനു് മദ്രാസ് ഗവണ്മെൻറിനു് ഈ ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടോ, ഇതു് സംബന്ധിച്ച കരാറിന്റെ വ്യവസ്ഥകളെന്താണു്, കരാറിന്റെ ഒരു കോപ്പി മേശപ്പുറത്തു വയ്ക്കുമോ ;

(ഡി) നമ്മുടെ നദികളിലെ ജലം അവശ്യം വിനിയോഗിക്കാൻ അനുവദിക്കുന്നതിനെ സംബന്ധിച്ചു് കേന്ദ്രത്തിൽ നിന്നും വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) പെരിയാർ തടാകത്തിലെ ജലത്തെ സംബന്ധിച്ചു് അല്ലാതെ മറ്റു കരാറുകൾ ഒന്നും ഉണ്ടായിട്ടില്ല.

(സി) ഉണ്ടു്. ഉൽപാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ റായൽറ്റി ഗവൺമെൻറിനു നൽകണമെന്നാണു് കരാറു്. കരാറു നകൽ രൂപത്തിൽ ഇരിക്കുന്നതുകൊണ്ടു് അതിന്റെ പ്രതി മേശപ്പുറത്തു വയ്ക്കാൻ നിവൃത്തിയില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : അതുസംബന്ധിച്ചു മദ്രാസ് പൊതുമരാമത്തു മന്ത്രി ശ്രീ. സുബ്രഹ്മണ്യം ചെയ്തിട്ടുള്ള പ്രസ്താവന പത്രങ്ങളിൽ കണ്ടതു ശരിയാണോ ?

ശ്രീ. കെ. ഐ. വേലായുധൻ : പത്രങ്ങളിൽ കണ്ട പ്രസ്താവന ഞാനും വായിച്ചു. അതു സംബന്ധിച്ചു കൂടുതലായൊന്നും ഗവണ്മെൻറിനറിവില്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : നാലോ അഞ്ചോ പദ്ധതികളുടെ പ്രാരംഭ അന്വേഷണങ്ങൾ നടത്തിക്കഴിഞ്ഞു എന്നും രണ്ടുമൂന്നു പദ്ധതികളുടെ പണികൾ ആരംഭിച്ചു എന്നും മദ്രാസ് അസംബ്ലിയിൽ പറയുകയുണ്ടായിട്ടും ഈ ഗവണ്മെൻറിനു് അതു സംബന്ധിച്ചൊന്നും അറിവില്ലെന്നാണോ പറയുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അതു ശരിയല്ല.

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഈ സംസ്ഥാനത്തെ നദീജലം ഉപയോഗപ്പെടുത്തുന്നതിനെ സംബന്ധിച്ചു് ഈ ഗവണ്മെൻറ് അറിയാതെയാണോ ഇരിക്കുന്നതു് ?

ശ്രീ. കെ. ഐ. വേലായുധൻ : ഈ സംസ്ഥാനത്തുനിന്നും അങ്ങിനെ നദീജലം എടുക്കുന്നതായി എനിക്കു അറിവില്ല.

ശ്രീ. എം. എം. മത്തായി : ഇവിടത്തെ നദീജലം ഇവിടത്തന്നെ ഉപയോഗപ്പെടുത്താൻ ഈ ഗവണ്മെൻറിനു വല്ല പദ്ധതിയുമുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതെപ്പറ്റിയെല്ലാം ഗവണ്മെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. സി. എ. മാത്യു : പെരിയാർ ജലത്തെ സംബന്ധിച്ചുള്ള കരാർ ഏതു രീതിയിലാണു് ?

ശ്രീ. കെ. ഐ. വേലായുധൻ : പെരിയാർ ജലത്തെ സംബന്ധിച്ചു 1886-ൽ ഒരു ഉടമ്പടി ഈ ഗവണ്മെൻറും, മദ്രാസ് ഗവണ്മെൻറുമായി ഉണ്ടായിട്ടുണ്ടു്. അതനുസരിച്ചു 999 കൊല്ലക്കാലത്തേയ്ക്കു ഇറിഗേഷനാവശ്യമുള്ള വെള്ളം പെരിയാർ തടാകത്തിൽ നിന്നും ഉപയോഗിക്കുന്നതിനായിരുന്നു.

ശ്രീ. സി. എ. മാത്യു : അതിൽനിന്നും വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അതു് 1954-ൽ ഉണ്ടായ ഒരു കരാറനുസരിച്ചാണു്. 1954-ലെ അതിലേയ്ക്കു് പെരിയാർ തടാകത്തിൽ നിന്നും ജലം ഉപയോഗിക്കുന്നതിനുള്ള അനുവാദം കൊടുത്തിട്ടുണ്ടു്.

ശ്രീ. സി. എ. മാത്യു : പെരിയാർ തടാകത്തിലെ വെള്ളമുപയോഗിച്ചു വിദ്യുച്ഛക്തി ഉണ്ടാക്കുവാൻ അവർക്കു് അനുവാദം കൊടുക്കുവാൻ പ്രത്യേക കാരണങ്ങൾ വല്ലതും ഉണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഐ. വേലായുധൻ : 1954-ൽ അങ്ങിനെ ഒരു കരാർ ഉണ്ടാക്കിയതുകൊണ്ടു് കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിക്കു് റായൽറ്റി നമ്മൾക്കു തരുന്നതാണു്.

ശ്രീ. എം. വി. ചെറിയാൻ : തിരുവിതാംകൂർ-കൊച്ചിയിലെ നദീജലം ഉപയോഗപ്പെടുത്തുന്നതിനു എന്തെങ്കിലും സ്കീമുകളെപ്പറ്റി ഇപ്പോൾ ഗവണ്മെൻറു് അന്വേഷണം നടത്തിയിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അന്വേഷണങ്ങൾ എല്ലാം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. ചെറിയാൻ : നമ്മുടെ സംസ്ഥാനത്തെ പ്രധാന നദികളിൽ നിന്നും ഒഴുകിപ്പോകുന്ന വെള്ളം മുഴുവനും ഉപയോഗപ്പെടുത്തുന്നതിലേയ്ക്കും, വെള്ളപ്പൊക്കം ഉണ്ടാകാതിരിക്കുന്നതിനും മുൻ ചീഫ് ഇൻജിനീയറായിരുന്ന ശ്രീ. വെങ്കിടകൃഷ്ണൻ സമർപ്പിച്ചിട്ടുള്ള ഒരു റിപ്പോർട്ട് ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ ഒരു റിപ്പോർട്ട് അങ്ങിനെ ഗവൺമെൻറിൽ കിട്ടിയിട്ടില്ല.

ശ്രീ. ടി. എ. ശിവരാമഭാരതി : മദ്രാസ് ഗവണ്മെൻറ് പറമ്പിക്കുളം എന്ന സ്ഥലത്തു് ഒരു ഡാം കെട്ടി തുടങ്ങാൻ പോകുന്നവിവരം ഗവണ്മെൻറിൻറെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. ഐ. വേലായുധൻ : അങ്ങിനെ കേൾക്കുന്നതു ശരിയല്ല.

തിരുവനന്തപുരത്തെ കെട്ടിടനിർമ്മാണപദ്ധതി.

* 3. [3] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുനർവ്വിഭജനം ചെയ്യപ്പെടുമ്പോൾ തിരുവനന്തപുരത്തുനിന്നും തലസ്ഥാനം മാറ്റേണ്ടിവരുമെന്നു മുൻവിധിയോടുകൂടി തിരുവനന്തപുരം സിറ്റിയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിരുന്ന കെട്ടിടനിർമ്മാണപദ്ധതികൾ ഗവണ്മെൻറ് നിറുത്തിവയ്ക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കെട്ടിടനിർമ്മാണപദ്ധതികളാണ് അപ്രകാരം നിറുത്തിവയ്ക്കുവാൻ ഉത്തരവായിട്ടുള്ളതു് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കയർ തൊഴിലാളികളുടെ മിനിമം വേജസ്.

* 4. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളികളുടെ മിനിമം വേജസ് നടപ്പിൽവരുത്തിയിട്ടു് ഇപ്പോൾ എത്ര നാളുകളായി ;

LIBRARY ARCHIVES Kerala Legislative Assembly